കേരള സർക്കാർ

# ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

നം.കെ.എസ്.എ.ഇകെഎം(പി5)1955/2018

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 06.09.2018

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത് – സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

.

നം കെ.എസ്.എ-ഇ.കെ.എം.(പി5)1955/2018. തീയതി. 06.9.2018

## എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

.

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ജയ സി.ആർ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.07.2018 മുതൽ 17.07.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | തസ്തിക |
| | ഡി.ജിനിൽ റോയ് | ഓഡിറ്റ് ഓഫീസർ |
| | ഗോപകുമാർ എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പ്രസാദ് പി.ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സന്തോഷ് കുമാർ എം. | ഓഡിറ്റർ (ഹ.ഗ്രേ) |

.

(ബി)നിർവ്വഹണാധികാരികൾ

| | പേര് | മുതൽ | വരെ |
|---|---|---|---|
| പ്രസിഡന്റ് | എ.പി ഉദയകുമാർ | 01.04.2017 | 31.03.2018 |
| സെക്രട്ടറി | ഡെന്നിസ് കൊറയ | 01.04.2017 | 31.03.2018 |

.

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപേര് | പേര് | മുതൽ | വരെ |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ഖദീജ ബീവി | 01.04.2017 | 04.10.2017 |
| | സിജി മത്തായി | 05.10.2017 | 31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | അംബിക കെ.പി | 01.04.2017 | 25.04.2017 |
| | മുഹമ്മദ് ഹാഷിം | 26.04.2017 | 22.06.2017 |
| | നിസ്സാ മോൾ എം.പി | 23.06.2017 | 31.03.2018 |
| കൃഷി ഓഫീസർ | ജോൺ ഷെറി | 01.04.2017 | 31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.നിഷി കർണ്ണേത്ത് | 01.04.2017 | 15.07.2017 |
| | ഡോ.ലിബി ആന്റണി | 16.07.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ഇന്ദിര കെ.പി | 01.04.2017 | 18.07.2017 |
| | ഡോ.ജാസ്മി മുഹമ്മദ് | 19.07.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി - | ഡോ.ഷേർളി ജോസഫ് | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.രാഖി എം.എസ് | 01.04.2017 | 09.06.2017 |
| | ഡോ.മിനിമോൾ വർക്കി | 10.06.2017 | 31.03.2018 |
| വി.ഇ.ഒ ചൂർണ്ണിക്കര | സൂരജ് കെ.എസ് | 01.04.2017 | 31.03.2018 |
| എൽ.വി.ഇ.ഒ ചൂർണ്ണിക്കര | സന്ധ്യ സി.ബി | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഉമ്മു ഹബീബ | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | നദീറ എച്ച് | 01.04.2017 | 31.03.2018 |
| ഹെഡ് മാസ്റ്റർ | ജോണി കെ. കുര്യാക്കോസ് | 01.04.2017 | 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷികക്കണക്കിലെ അപാകതകൾ | 1-12 | |
| 13 | പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് - അപാകതകൾ | 1-13 | |
| 14 | ഓഡിറ്റ് ഇംപാക്ട് | 1-14 | |
| | ഭാഗം 2 | | |
| 15 | തൊഴിൽ നികുതി-അപാകതകൾ | 2-1 | |
| 16 | ഡി & ഒ ലൈസൻസ്-അപാകതകൾ | 2-2 | |
| 17 | വസ്തു നികുതി -അപാകതകൾ | 2-3 | |
| 18 | അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് | 2-4 | |
| | ഭാഗം 3 | | |
| 19 | നോട്ടീസ് അച്ചടി- ചെലവ് കണക്കുകളുടെ ആധികാരികതയും, കൃത്യതയും ഉറപ്പാക്കുന്നതിൽ വീഴ്ച | 3-1 | |
| 20 | വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി പിടിച്ചില്ല- രൂ.5750നഷ്ടം | 3-2 | |
| 21 | തെരുവു വിളക്കുകൾ | 3-3 | |
| 22 | കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതികൾ | 3-4 | |
| 23 | ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റർ പോട്ട് പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ -മോണിറ്ററിംഗ് ഫലപ്രദമല്ല- ചെലവ് രേഖകളുടെ അഭാവത്താൽ തുക തടസ്സപ്പെടുത്തുന്നു | 3-5 | |
| 24 | തെരുവുനായ്ക്കളുടെ വന്ധ്യംകരണം - ശരിയായ മോണിറ്ററിംഗിന്റെ അഭാവം | 3-6 | |
| 25 | പറഞ്ചേരി - കരുവേലി മണപ്പുറം റോഡ് പുനരുദ്ധാരണം- നടപടി ക്രമങ്ങളിൽ അപാകത | 3-7 | |
| 26 | മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-8 | |
| 27 | കലാ സാംസ്കാരിക പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കൽ – കണക്കുകൾ കൃത്യത ഉറപ്പാക്കണം | 3-9 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2. | |

| | | | |
|---|---|---|---|
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 35 | ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 38 | അനുബന്ധം1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| 39 | അനുബന്ധം 2-Receipt & Payment<br>Income & Expenditure<br>Balance Sheet | | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

21.03.2017-ാം തീയതിയിലെ 1(1)ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 02.05.2018 | ഇല്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12.6.18 മുതൽ 13.6.2018 വരെ | KSA-EKM (PG) 1786/(14)/2018 dt. 4.7.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,09,97,462 |
| വരവ് | 8,19,51,998 |

| | |
|---|---|
| ആകെ | 11,29,49,460 |
| ചെലവ് | 7,56,51,834 |
| നീക്കിയിരിപ്പ് | 3,72,77,626 |

## 1-5 ഫണ്ട് വിനിയോഗം ( അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

.

| അലോട്ട്മെന്റ് | ഫണ്ടിനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവാക്കാവുന്ന തുക |
|---|---|---|---|---|---|---|---|
| 14572159 | വികസനഫണ്ട് പൊതുവിഭാഗം | 0 | 10964364 | 10964364 | 10964364 | 0 | 3607795 |
| 5354301 | വികസനഫണ്ട് എസ്.സി.പി. | 0 | 5332762 | 5332762 | 5332762 | 0 | 14039 |
| 45981 | വികസനഫണ്ട് ടി.എസ്.പി. | 0 | 23000 | 23000 | 23000 | 0 | 22981 |
| 12375296 | സംരക്ഷണഗ്രാന്റ് റോഡ് | 0 | 11557880 | 11557880 | 11557880 | 0 | 817416 |
| 3928816 | സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3376367 | 3376367 | 3376367 | 0 | 552443 |
| 7236452 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6121538 | 6121538 | 6121538 | 0 | 1114914 |
| | പെർഫോമൻസ് ഗ്രാന്റ് | 0 | 3089917 | 3089917 | 3089917 | 0 | |
| | എം.എൻ.ആർ.ഇ. ജി.എസ് | 440 | 436792 | 437232 | 435635 | 1597 | |
| | ബി. ഫണ്ട് | 0 | 290400 | 290400 | 290400 | 0 | |
| | എസ്.ബി.ഐ.ഇ-പേയമെന്റ് | 0 | 290835 | 290835 | 145650 | 145185 | |
| | ടി.എസ്.സി.ബി സാക്ഷരത | 28708 | 721 | 29429 | 0 | 29429 | |
| | ടി.എസ്.സി.ബി ദുരിതാശ്വാസ നിധി | 13682 | 344 | 14026 | 0 | 14026 | |
| | കറന്റ് അക്കൗണ്ട് | 0 | 1000 | 1000 | 0 | 1000 | |
| | ട്രഷറി ടി.എസ്.ബി. ജനറൽ പർപ്പസ് ഗ്രാന്റ് | 11236804 | 10501000 | 21737804 | 15683570 | 6054234 | |
| | ടി.എസ്.സി.ബി -തനത് | 4268016 | 8812920 | 13080936 | 4890093 | 8190843 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | എസ്.ബി.ഐ -തനത് | 14996763 | 17884533 | 32881296 | 11820541 | 21060755 | |
| | എസ്.ബി.ഐ -ബഡ്സ് സ്കൂൾ | 1442 | 375127 | 376569 | 139450 | 237119 | |
| | എസ്.ബി.ഐ -സാനിറ്റേഷൻ | 99338 | 79083 | 178421 | 25000 | 153421 | |
| | ട്രഷറി എസ്.ടി.എസ്.ബി. ജോയിന്റ് വെഞ്ചർ | 217277 | 1975950 | 2192727 | 858167 | 1334560 | |
| | ക്യാഷ് | 134992 | 55457 | 190449 | 134992 | 55457 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 89234818 | 142 | 51382141 | 32 | 13 | 75.94% |

.

75.94% ആണ് ആകെ പദ്ധതിച്ചെലവ്. എസ് .ടി വിഭാഗത്തിൽ അംഗീകാരം കിട്ടിയ രണ്ട് പ്രൊജക്ടുകളും നടപ്പാക്കിയില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 440 | 436792 | 437232 | 435578 | 1654 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 1608361 | 1608361 | 1608361 | ---- |

എന്നാൽ വാർഷിക ധനകാര്യപത്രികയിലെ RP (40 b) പ്രകാരം നീക്കിയിരിപ്പ് 1597/- രൂപയാണ്. 57/- രൂപ ബാങ്ക് ചാർജ്ജ് വന്നത് NREGS അക്കൗണ്ടിലെ ചെലവിൽ ചേർക്കുന്നതിന് പകരം ആകെ ബാങ്ക് ചാർജ്ജ് അക്കൗണ്ടിൽ ചേർത്തതുമൂലമാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. ഈ അപാകത 2018-19 അക്കൗണ്ട്സിൽ ചേർത്ത് പരിഹരിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20,400 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 38,62,300 | 323 |
| വിധവാപെൻഷൻ | 1,50,19,700 | 1204 |
| വാർദ്ധക്യകാലപെൻഷൻ | 2,14,96,300 | 1537 |
| വികലാംഗപെൻഷൻ | 35,23,100 | 274 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതസ്ത്രീകൾക്കുള്ള പെൻഷൻ | 3,43,500 | 33 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,70,000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2018 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 56,784/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. പഞ്ചായത്ത് ഭരണ സമിതി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയുടെ യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുകയും, സ്ഥാപനത്തിന്റെ വരവ് - ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നുണ്ട്. യോഗ മിനിറ്റ്സുകൾ, ഗ്രാമസഭ മിനിറ്റ്സുകൾ എന്നിവ യഥാസമയം എഴുതി പരിപാലിക്കുന്നുണ്ട്.

2. ജീവനക്കാരുടെ ചുമതലകൾ സെക്രട്ടറി നിശ്ചയിച്ച് നല്കുകയും, ഓഫീസ് മീറ്റിംഗുകൾ കൂടി പോരായ്മകൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട് .

3. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവൃത്തിക്കുന്നുണ്ടെങ്കിലും, ഓഫീസിന്റെ സ്ഥലസൗകര്യക്കുറവ് ഫ്രണ്ട് ഓഫീസിൽ വരുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

4. രജിസ്റ്ററുകൾ, ഫയലുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി നമ്പറുകൾ ഇട്ട് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഓഫീസിന്റെ സ്ഥലസൗകര്യക്കുറവ് ഫയലുകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷിപ്പിനെ, ബാധിക്കുന്നുണ്ട്.

5. രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും. നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

6. നികുതി-നികുതിയേതര വരവുകൾ ഡിമാന്റ് - കളക്ഷൻ -ബാലൻസ് അടിസ്ഥാനത്തിൽ വിലയിരുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതുണ്ട്.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സാമഗ്രികളുടെയും, സേവനങ്ങളുടെയും പ്രൊക്യൂർമെന്റ് മാന്വൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പാലിച്ചാണ് വാങ്ങലുകൾ നടത്തുന്നത്. അതിനുവേണ്ടി ഒരു പർച്ചേയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

8.ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും. പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.5.18 & 22.5.18 | 1.4.18 മുതൽ 30.4.18 വരെ | 3/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9.1.18 മുതൽ 20.1.2018 വരെ | 2012-13 മുതൽ 2016-17 വരെ | 26/3/18 |

## 1-12 വാർഷികക്കണക്കിലെ അപാകതകൾ

.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ (എം.എസ്) 152/2011/ത.സ്വ.ഭ.വ/ 26.07.2011 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
4.സ്ഥിര ആസ്തികൾക്കായുള്ള ചെലവ് വിവരിക്കുന്ന RP 38 ഷെഡ്യൂളിൽ 410200103 -അറവുശാലകൾ എന്ന ഹെഡിൽ 180000 രൂപ ചെലവ് കാണിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുക വി ഇ ഒ ഭവനനിർമ്മാണത്തിന് നൽകിയിട്ടുള്ളതാണ്. ഇതുപോലെ താഴെ പറയുന്ന ചെലവുകളും തെറ്റായ കണക്കു ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | ചെലവഴിച്ച ഇനം | തുക | രേഖപ്പെടുത്തിയിരിക്കുന്ന കണക്കു ശീർഷകം | രേഖപ്പെടുത്തേണ്ട കണക്കുശിർഷകം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മാലിന്യ പരിപാലനം- വാർഡുതല ശുചിത്വ സമിതികൾക്ക് നൽകിയത് | 360000 | 412010101-capital work in progress | 230800110-sanitation expenses |
| 2 | മഴക്കാല പൂർവ്വ ശുചീകരണം | 150000 | 220800199-other administrative expenses | ,, |
| 3 | ലൈഫ്-ഭവന നിർമ്മാണം | 540000 | 410200199-building others | 251300101-housing general |
| 4 | ,, | 180000 | 410200103- slaughter houses | ,, |

ഭവനനിർമ്മാണ ധനസഹായത്തിന്റേയും മാലിന്യ പരിപാലനത്തിന്റേയും ചെലവുകൾ മേൽപ്രകാരം ആസ്തി ശീർഷകത്തിൽ തെറ്റായി രേഖപ്പെടുത്തിയതിനാൽ വാർഷികക്കണക്കിൽ പഞ്ചായത്തിന്റെ ആസ്തിയിൽ വൻ വർദ്ധനവ് ഉണ്ടാക്കിയിരിക്കുന്നു. ആയതിനാൽ 2017-18 ലെ വാർഷിക ധനകാര്യപത്രിക പഞ്ചായത്തിന്റെ യഥാർത്ഥ ആസ്തി -ബാധ്യത പ്രതിഫലിപ്പിക്കുന്നില്ല.

(5) വാർഷിക കണക്കിനോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാന അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

## 1-13 പദ്ധതി ആസൂത്രണം, മോണിറ്ററിംഗ് - അപാകതകൾ

ജി.ഒ (എം.എസ്) നം. 10/2017/എൽ.എസ്.ജി.ഡി തീയതി. 09.01.2017, ജി.ഒ (എം.എസ്) നം. 72/2017/എൽ.എസ്.ജി.ഡി തീയതി. 29.03.2017 എന്നീ ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ച് 2017-18 സാമ്പത്തികവർഷത്തെ പദ്ധതി ആസൂത്രണം നടത്തുന്നതിൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചുവടെച്ചേർക്കുന്നു.

1) 2017-18 വർഷം ആസൂത്രണസമിതി അംഗീകാരം കിട്ടിയ "ആടുവളർത്തൽ,പശുവളർത്തൽ, മുട്ടക്കോഴി വിതരണം" എന്നീ പ്രൊജക്ടുകൾ ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലാത്തതുകൊണ്ട് ഉപേക്ഷിക്കേണ്ടി വന്നു. നഗരസ്വഭാവമുള്ള ഗ്രാമപഞ്ചായത്തായതുകൊണ്ട് മൃഗസംരക്ഷണമേഖലയിൽ പരമ്പരാഗത പദ്ധതികൾ നടപ്പിലാക്കുന്നതിൽ പഞ്ചായത്തിന് നേരിടുന്ന പ്രശ്നങ്ങൾ മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിൽ വന്നതായി കാണുന്നില്ല.

വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന മൃഗസംരക്ഷണ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഈ മേഖലയിലെ പ്രൊജക്ടുകളിൽ ഗുണഭോക്തൃവിഹിതം അടയ്ക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതുകൊണ്ട് പ്രൊജക്ടുകൾ നടപ്പാകാതെ വരുന്ന സാഹചര്യം വെല്ലുവിളിയായി കണക്കാക്കിയിട്ടുമില്ല.

2) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിലെ ആകെയുള്ള 32 അങ്കണവാടികളിൽ 14 എണ്ണത്തിന് മാത്രമേ കെട്ടിടമുള്ളൂ എന്ന് കാണിച്ചിട്ടുണ്ട്. ബാക്കി 18 എണ്ണം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ 2017-18 പദ്ധതി വർഷത്തിൽ പുതിയ അങ്കണവാടികൾ നിർമ്മിക്കാനോ, സ്ഥലം വാങ്ങുവാനോ ഉള്ള പ്രൊജക്ടുകൾ രൂപീകരിച്ചതായി കാണുന്നില്ല. ഇതിനെ സംബന്ധിച്ച്

നല്കിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം അങ്കണവാടികൾ നിർമ്മിക്കാനാവശ്യമായ സ്ഥലലഭ്യതക്കുറവാണ് ഈ മേഖലയിലെ പ്രധാനവെല്ലുവിളി. ഈ പ്രശ്നത്തിന് പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് ഭരണസമിതിയുടെയും, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും സവിശേഷമായ ശ്രദ്ധ പതിയേണ്ടതാണ്.

സ്ത്രീകളുടെയും, കുട്ടികളുടെയും വർക്കിംഗ് ഗ്രൂപ്പ് ഇ-ടോയ് ലെറ്റ്, ജാഗ്രതാസമിതി, ജെറിയാട്രിക് കെയർ സെന്റർ , വനിത വികസന കേന്ദ്രം എന്നിവആരംഭിക്കണമെന്ന് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഈ മേഖലയിൽ ബന്ധപ്പെട്ട പ്രൊജക്ടുകൾ ആസൂത്രണം ചെയ്തതായി കാണുന്നില്ല.

3) റോഡ് കണക്ടിവിറ്റി മാപ്പോ, നിലവിലുള്ള റോഡുകളുടെ പട്ടികയോ അടിസ്ഥാനപ്പെടുത്തിയല്ല റോഡ് വികസന പ്രൊജക്ടുകൾ ആസൂത്രണം ചെയ്യുന്നത്. ഗ്രാമസഭ, വികസനസെമിനാർ എന്നിവിടങ്ങളിൽ നിന്ന് ഉയർന്നുവരുന്ന ആവശ്യകതയും, ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് വാർഡ് തലത്തിൽ റോഡുകളുടെ നിർമാമണവും, പുനരുദ്ധാരണവും ലക്ഷ്യമിട്ടുള്ള പ്രൊജക്ടുകൾ മാത്രമാണ് ഈ മേഖലയിൽ നടപ്പാക്കുന്നത്. വിവിധ തലത്തിലുള്ള തദ്ദേശസ്ഥാപനങ്ങളുടെയോ, (ഗ്രാമ-ബ്ലോക്ക്-ജില്ലാ) വിവിധ ഫണ്ടിനങ്ങളുടെയോ സംയോജനം ഉണ്ടാകുന്നില്ല.

4) നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളുടെ യോഗം വിളിച്ചുകൂട്ടി ആവശ്യകതയും, നിർദ്ദേശങ്ങളും ക്രോഡീകരിച്ച് സെക്രട്ടറി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ചതായി കാണുന്നില്ല. അതേസമയം മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ അതാത് മേഖലയിലെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ പ്രതീക്ഷിത ചെലവ് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ യോഗം ചേർന്ന് വരവ്-ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

5) പൗരാവകാശരേഖ പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

6) മഴക്കാലപൂർവ്വശുചീകരണപ്രവർത്തനങ്ങളും, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളും വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാൻ ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിററി ശ്രദ്ധിച്ചിട്ടുണ്ട്. അതേസമയം അജൈവ- പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്തിലെ ഒരു പ്രധാന വെല്ലുവിളിയായി നിലനിൽക്കുന്നു. ഇതിനൊരു ശാശ്വത പരിഹാരമാർഗ്ഗം തേടി വിവിധ ഗ്രാമസഭകളിലും, വികസനസെമിനാറിലും ആവശ്യങ്ങൾ ഉയർന്നുവന്നിരുന്നെങ്കിലും ആയത് പരിഹരിക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

7) വിവിധ പദ്ധതികളുടെ ഭാഗമായി സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം- വാങ്ങൽ നടത്തുന്നതിന് പർച്ചേസിംഗ് കമ്മിററി രൂപീകരിച്ചിട്ടുണ്ട്. ടെൻഡർ/ക്വട്ടേഷൻ എന്നിവ നടത്തുന്നത് ഈ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായിട്ടാണ്.

8) വിവിധ വ്രക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടുകൾ രൂപീകരിച്ച് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം വാങ്ങി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരെ ഏല്പിച്ച് കഴിഞ്ഞാൽ നിർവ്വഹണോദ്യോഗസ്ഥരെ ഓഴിവാക്കി മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല. വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പലപ്പോഴും ഉണ്ടാകുന്നില്ല. മോണിറ്ററിംഗ് സമിതിയുടെ വിലയിരുത്തലിന്റെ അഭാവത്താൽ പ്രൊജക്ടുകളുടെ ഭൗതികലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന പരിശോധന നടക്കുന്നില്ല.

## 1-14 ഓഡിറ്റ് ഇംപാക്ട്

2017-18 വർഷത്തെ വാർഷിക ഓഡിറ്റിനോടനുബന്ധിച്ച് തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത സംബന്ധിച്ച് നല്കിയ എൻക്വയറി നം 2 ന്റെ അടിസ്ഥാനത്തിൽ 2017-18 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 98710/- രൂപയും 2017-18 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ 5000/-രൂപയും ഓഡിറ്റ് സമയത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിലെ അപാകത സംബന്ധിച്ച് നല്കിയ എൻക്വയറി നം 11ന്റെ അടിസ്ഥാനത്തിൽ നഷ്ടതുകയായ 2240/രൂപയും കൂടാതെ അച്ചടിക്കൂലി അധികം നൽകിയതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറി നം 1 ന്റെ അടിസ്ഥാനത്തിൽ നഷ്ടതുകയായ 5200/രൂപയും ഓഡിറ്റ് സമയത്ത് പഞ്ചാത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

. ആകെ തുകയായ 1,11,150/-രൂപ 2017-18 വർഷത്തെ വരവായതിനാൽ പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഇനത്തിലാണ് വരവ് രേഖപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ ഈ തുകകൾ 2018-19 വർഷത്തെ വരവായി അക്കൗണ്ടിൽ വരുമെന്നതിനാൽ ആവശ്യമായ ജേർണൽ എൻട്രി നടത്തി തെറ്റ് ക്രമീകരിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി-അപാകതകൾ

1. ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച വിശദാംശം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

സ്ഥാപനങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി ലിസ്റ്റിലെ ക്രമപ്രകാരം എല്ലാ വർഷവും രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല. ഇത്തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല.

2. പല സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പരിശോധനയ്ക്ക് നൽകിയ തൊഴിൽ നികുതി ഡിമാന്റ രജിസ്റ്റർ,സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ 2016-17 വർഷം തൊഴിൽ നികുതി അടച്ച താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഗ്ലോബൽ ഫ്രെഷ് സൂപ്പർ മാർക്കറ്റ് | Ist & IInd |
| 2 | മാവേലി സ്റ്റോർ | Ist & IInd |
| 3 | ശങ്കര ബിൽഡേർസ് | Ist & IInd |
| 4 | മരക്കാർ മാർക്കറ്റിംഗ് | Ist & IInd |
| 5 | മരക്കാർ മോട്ടോർസ് | Ist & IInd |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

3.പഞ്ചായത്ത് പരിധിയിൽ ധാരാളം സ്വാകാര്യ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട് എങ്കിലും പല സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.വിശദാംശങ്ങൾ വിവരം ചുവടെ ചേർക്കുന്നു

.

| ക്രമ നം | സ്ഥാപനം | ലൈസൻസ് നം | അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | അർദ്ധവർഷം |
|---|---|---|---|---|
| 1 | എം എസ് പോളിമെറ്റൽ | 11 | 3 | Ist & IInd |
| 2 | ഇന്നമോഷൻ ടെക്ക്നോളജീസ് | 12 | 5 | Ist & IInd |
| 3 | എലാസ്റ്റിക്സ് (പി) ലിമിറ്റഡ് | 13 | 4 | Ist & IInd |
| 4 | സൺ പോളിമെർസ് | 22 | 6 | Ist & IInd |
| 5 | ഫെബിൻ പ്ലാസ്റ്റ് | 24 | 8 | Ist & IInd |
| 6 | നോവ പ്ലാസ്റ്റ് | 25 | 8 | Ist & IInd |
| 7 | പ്രീമിയർ ടിമ്പെർസ് | 38 | 9 | Ist & IInd |
| 8 | പ്രീമിയർ ടിമ്പെർസ് | 39 | - | Ist & IInd |
| 9 | പ്രീമിയർ റബ്ബർ വുഡ്സ് | 40 | 7 | Ist & IInd |
| 10 | പ്രീമിയർ ടിമ്പെർസ് | 41 | 9 | Ist & IInd |
| 11 | മിന്റ് ലോജിസ്റ്റിക്സ് | 51 | 4 | Ist & IInd |
| 12 | ന്യൂ ഭാരത് ടയേർസ് | 57 | - | Ist & IInd |
| 13 | സുവാരി സിമന്റ് | 59 | - | Ist & IInd |
| 14 | പെന്നാ സിമന്റ് ഇൻഡസ്ട്രീസ് | 61 | - | Ist & IInd |
| 15 | സിമന്റ് ഗോഡൗൺ | 62 | - | Ist & IInd |
| 16 | പോപ്പുലർ വെഹിക്കിൾസ് സർവീസസ് | 64 | 9 | Ist & IInd |
| 17 | എ യു അസോസിയേറ്റ്സ് | 71 | - | Ist & IInd |
| 18 | ദിവ്യ ഗ്യാസ് ഏജൻസീസ് | 93 | - | Ist & IInd |
| 19 | ഈറ്റ് ട്രീറ്റ് റെസ്റ്റോറന്റ് | 105 | 41 | Ist & IInd |
| 20 | ടോപ് ടെൻ പോളിമെർസ് | 109 | 4 | Ist & IInd |
| 21 | അമാന പ്ലാസ്റ്റിക്സ് | 110 | 6 | Ist & IInd |

| | | | | |
|---|---|---|---|---|
| 22 | റഹ്മാനിയ ഹോളോ ബ്രിക്സ് | 121 | 8 | Ist & IInd |
| 23 | SPRDHടെക്നോളജീസ് | 197 | 5 | Ist & IInd |
| 24 | ഓവ്സം ഡാഡീസ് ഇന്ററാക്ടീവ് (പി) ലിമിറ്റഡ് | 217 | 8 | Ist & IInd |
| 25 | ശ്രീ വിനായക പ്രിന്റ് പാക്ക്സ് | 304 | 6 | Ist & IInd |
| 26 | കൈരളി ഫുഡ്സ് | 313 | 5 | Ist & IInd |
| 27 | ഡൈനാമിക്സ് ടെക്നൊ മെഡിക്കൽ (പി) ലിമിറ്റഡ് | 333 | 12 | Ist & IInd |
| 28 | കെ ടി എം 2 വീലർ സെയിൽസ് | 358 | 7 | Ist & IInd |

ജീവനക്കാരുടെ വരുമാനം നിശ്ചിത പത്രികയിൽ കൃത്യമായി രേഖപ്പെടുത്തുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഈ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കൃത്യമായി ഈടാക്കുന്നില്ല.

ട്രേഡേർസിന്റേയും മറ്റു സ്ഥാപനങ്ങളുടെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി, ലിസ്റ്റിലെ ക്രമപ്രകാരം എല്ലാ വർഷവും രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിയ്ക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി അടച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ ഡി & ഒ ലൈസൻസ് രജിസ്റ്ററിൽ എഴുതുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാനാവുന്നില്ല. ട്രേഡേർസിന്റേയും മറ്റു സ്ഥാപനങ്ങളുടെയും പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കി, ലിസ്റ്റിലെ ക്രമപ്രകാരം എല്ലാ വർഷവും രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്.

4. ചില സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കെ എം ആർ എൽ | Ist & IInd |
| 2 | ഐസോൺ (ISON)ബി പി ഒ | Ist &IInd |
| 3 | ക്ഷീരോൽപാദക സഹകരണ സംഘം തായിക്കാട്ടുകര | Ist &IInd |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5.കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടയ്ക്കുന്നുണ്ടെന്നും വരുമാന നഷ്ടം സംഭവിയ്ക്കുന്നില്ല എന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

## 2-2 ഡി & ഒ ലൈസൻസ്-അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ഡി & ഒ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേർസ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

(2) ഡി & ഒ ലൈസൻസ് അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം, ദിവസ വരുമാനം/യന്ത്രസാമഗ്രികളുടെ കുതിര ശക്തി എന്നിവയുടെ സാധുത ഉറപ്പാക്കി ആയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം ലൈസൻസ് ഫീ ഈടാക്കേണ്ടതുമാണ്.

(3.)പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ഡി & ഒ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നത് നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരാണ്. കൂടാതെ ഇക്കാരണത്താൽ ഡി & ഒ ലൈസൻസ് ഫീ ഇനത്തിലും സ്ഥാപന തൊഴിൽ നികുതി ഇനത്തിലും പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിയ്ക്കാവുന്നതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് | വ്യവസായ/ഓഫീസ് /വാണിജ്യ/ കെട്ടിടങ്ങളുടെ എണ്ണം | ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | വ്യത്യാസം |
|---|---|---|---|
| 1 | 39 | 10 | 29 |
| 2 | 16 | 4 | 12 |
| 3 | 59 | 15 | 44 |
| 4 | 32 | 8 | 24 |
| 5 | 38 | 5 | 33 |
| 6 | 81 | 14 | 67 |
| 7 | 68 | 9 | 59 |
| 8 | 132 | 31 | 101 |
| 9 | 75 | 26 | 49 |
| 10 | 78 | 22 | 56 |
| 11 | 86 | 18 | 68 |
| 12 | 63 | 13 | 50 |

| | | | |
|---|---|---|---|
| 13 | 107 | 22 | 85 |
| 14 | 257 | 58 | 199 |
| 15 | 136 | 33 | 103 |
| 16 | 61 | 15 | 46 |
| 17 | 382 | 73 | 309 |
| 18 | 101 | 22 | 79 |

പഞ്ചായത്ത് പരിധിയിൽ നിയമ വിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല, വരുമാന നഷ്ടം സംഭവിയ്ക്കുന്നില്ല എന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലെ വാണിജ്യ കെട്ടിടങ്ങളും പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളും വാർഡ് തലത്തിൽ പരിശോധന നടത്തേണ്ടതും ലൈസൻസ് എടുത്തത്/പുതുക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 വസ്തു നികുതി -അപാകതകൾ

.

1.അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് എ ൽ ബി എ (എച്ച് ക്യൂ)III/8A-2754/17-18 /268l തീ. 28.02.2018 ഭാഗം IIബി ഖണ്ഡിക 1.1 പ്രകാരം പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന അസറ്റ് സമ്മിറ്റ് എന്ന കെട്ടിടത്തിൽ പാർപ്പിട വിഭാഗത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയ ഫ്ലാറ്റുകൾ ഹോട്ടൽ ബിസിനസ്സ് നടത്തുന്നതിനായി ഉപയോഗിയ്ക്കുന്നതായും 199870/- രൂപ വസ്തു നികുതി ഇനത്തിൽ ഈടാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഓഡിറ്റ് എൻക്വയറി 11 -ന് നൽകിയ മറുപടിയിൽ പരിശോധന നടത്തിയതായും 90 റൂമുകളിൽ 63 എണ്ണം ഹോട്ടൽ ബിസിനസ്സ് നടത്തുന്നതിനായി ഉപയോഗിയ്ക്കുന്നതിനായി ബോധ്യപ്പെട്ടിട്ടുള്ളതായും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ നികുതി ചോർച്ച ഉണ്ടാകുന്നില്ലെന്ന് ധനകാര്യ സ്ഥിരം സമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്

.

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ജി ഒ(ആർ ടി)2427/2007പൊ.വി. തീ 1.8.2017 പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ എസ് ജി ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ജി ഒ(പി)84197/pw&t തീ. 19.8.1997 പ്രകാരം ഫിറ്റ്നസ്സ് ഫീസ് 1000/-രൂപ നിശ്ചയിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർമ്മല സ്കൂൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എടുത്തിട്ടുള്ളതാണെന്നും മറ്റ് സ്കൂളുകൾക്ക് നോട്ടീസ് നൽകിയതായും അറിയിച്ചു. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ്സ് പരിശോധന ഫീസ് ഈടാക്കി നടത്തി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നോട്ടീസ് അച്ചടി- ചെലവ് കണക്കുകളുടെ ആധികാരികതയും, കൃത്യതയും ഉറപ്പാക്കുന്നതിൽ വീഴ്ച

ഡെങ്കിപ്പനി, മഞ്ഞപ്പിത്തം ജാഗ്രതാ നിർദ്ദേശം അടങ്ങിയ നോട്ടീസ് അച്ചടിച്ച വകയിൽ മൈത്രി പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് താഴെ പറയും പ്രകാരം രണ്ട് തവണ തുക അനുവദിച്ചതായി കാണുന്നു.

.

| ക്രമ നം | വൗച്ചർ നം, തീയതി | തുക | ബിൽ നം, തീയതി | നോട്ടീസിന്റെ എണ്ണം, തരം | നോട്ടീസ് അച്ചടിച്ച തീയതി |
|---|---|---|---|---|---|
| 1 | 21700343/17.06.17 | 7250 | 65/11.05.17 | 7000-1/4 DS | 9/5/2017 |
| 2 | 21700563/07.08.17 | 5200 | 102/23.06.17 | 5000- 1/4DS | 9/5/2017 |

9/5/2017 ൽ ഡബിൾ സൈഡായി അച്ചടിച്ച നോട്ടീസിൽ ഒരു പുറത്ത് മഞ്ഞപ്പിത്തത്തിന്റേയും മറുപുറത്ത് ഡെങ്കിപ്പനിയുടേയും വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. രണ്ടു തവണയും തുക അനുവദിച്ച വൗച്ചറിനോടൊപ്പം ഒരേ നോട്ടീസ് തന്നെയാണ് തെളിവായി വച്ചിരിക്കുന്നത്. 29/5/2017 ലെ 6(3) നം കമ്മറ്റി തീരുമാനപ്രകാരം നോട്ടീസ് അച്ചടിച്ചതിനുള്ള 7250/- രൂപയുടെ ചെലവിന് അനുമതി നൽകിയിട്ടുണ്ട് . എന്നാൽ 5200/- രൂപയുടെ ചെലവിനുള്ള കമ്മിറ്റി തീരുമാനമുള്ളതായി കണ്ടില്ല. ഒരേ നോട്ടീസ് അച്ചടിച്ചതിന് രണ്ട് തവണ തുക അനുവദിച്ചതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/09.07.18) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ രണ്ടാമത് നൽകിയ തുകയായ 5200/- രൂപ തിരിച്ചടച്ച് രസീത് ഹാജരാക്കുകയുണ്ടായി (രസീത് നം 118030102183/17.07.2018). കമ്മിറ്റി തീരുമാനമില്ലാതെയും ചെലവിന്റെ ആധികാരികത ഉറപ്പാക്കാതെയും തുക അനുവദിച്ചത് ശരിയായ നടപടിയല്ല. ഇത് ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന്റെ വരവ്-ചെലവുകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ധനകാര്യ സ്ഥിരം സമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വക്കീൽ ഫീസ് നൽകിയപ്പോൾ നിയമാനുസൃതമായ ആദായനികുതി പിടിച്ചില്ല- രൂ.5750നഷ്ടം

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകൾ കൈകാര്യം ചെയ്യതിന് അഡ്വ. പി.ടി ജോസിന് 2017-18 വർഷം വക്കീൽ ഫീസ് ഇനത്തിൽ താഴെ പറയും പ്രകാരം 57500/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 21700016 | 04-04-17 | 10000 |
| 2 | 21700017 | 04-04-17 | 10000 |
| 3 | 21700811 | 12-10-17 | 7500 |
| 4 | 21700812 | 12.10.17 | 10000 |
| 5 | 21701174 | 08.01.18 | 20000 |
| | | | 57500 |

1961 ലെ ആദായനികുതി നിയമം 194 (ജെ) വകുപ്പ് പ്രകാരം പ്രൊഫഷണൽ സേവനങ്ങൾക്കുള്ള പ്രതിഫലമായി ഒരു വർഷം 30000 രൂപയിൽ അധികരിക്കുന്ന തുക നൽകുമ്പോൾ ആദായനികുതിയിനത്തിൽ 10% തുക സ്രോതസ്സിൽ കുറവ് ചെയ്ത് സർക്കാരിലേക്ക് ഒടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അഡ്വ. പി.ടി ജോസിന് മേൽപ്പറഞ്ഞ പ്രകാരം വക്കീൽ ഫീസിനത്തിൽ 57500 രൂപ നൽകിയപ്പോൾ ആയതിന് ബാധകമായ 5750 രൂപ ആദായനികുതി പിടിച്ചിട്ടില്ല.

നിയമാനുസൃതമായ ആദായനികുതി കുറവ് ചെയ്യാതെ വക്കീൽ ഫീസ് നൽകിയതിനാൽ 5750 രൂപ കേന്ദ്ര സർക്കാരിന് നഷ്ടമായിട്ടുണ്ട്. ഈ തുക അഡ്വ: പി.ടി ജോസിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിലേക്ക് അടക്കേണ്ടതാണ്.

## 3-3 തെരുവു വിളക്കുകൾ

എ) തെരുവു വിളക്ക് ചാർജ്ജ്

2017-18 വർഷം തെരുവ് വിളക്ക് ചാർജിനത്തിൽ 37,20,840/-രൂപ പഞ്ചായത്തിൽ നിന്നും കെ.എസ്.ഇ.ബിയിൽ അടവാക്കിയിട്ടുണ്ട്. 12മണിക്കൂർ ബേണിംങ് ചാർജിനത്തിലാണ് ശരാശരി 3,10,070/-രൂപ മാസനിരക്കിൽ പഞ്ചായത്തിൽ നിന്ന് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. അതായത് മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി ഈടാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യുതി ചാർജ് കണക്കാക്കുന്നതെങ്കിൽ എത്രയാണോ ബേണിംങ് ചാർജ് ആയതിന്റെ തുക നല്കിയാൽ മതിയാകും. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്റർ സമ്പ്രദായത്തിൽ ആക്കുന്നതിന് പഞ്ചായത്തിൽ നിന്നും മൂന് വർഷങ്ങളിൽ കേരള സംസ്ഥാന വൈദ്യുതി വകുപ്പിലേക്ക് താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പാക്കിയിട്ടില്ല.

| തുക നൽകിയ വർഷം | തുക |
|---|---|
| 2012-13 | 91,658 |
| 2013-14 | 5,98,900 |
| 2015-16 | 13,23,165 |
| ആകെ | 20,13,723 |

07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എങ്ങുമെത്തിയിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് ചാർജ്ജ് നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ബി) തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ആകെ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവയെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ആവശ്യകത തിട്ടപ്പെടുത്തുന്നതിനും ഇത് തടസ്സമാകുന്നുണ്ട്. ആവശ്യത്തിലധികം സാധനങ്ങൾ വാങ്ങി സൂക്ഷിച്ചാൽ അവയുടെ ഗ്യാരണ്ടി കാലാവധി തീരുന്നതിനു മുമ്പ് ഉപയോഗിക്കാൻ കഴിയാതെ വന്നേക്കാം. ആയതിനാൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കേണ്ടതും അറ്റകുറ്റപ്പണി നടത്തുന്നതിന്റെ വിവരം രേഖപ്പെടുത്തിപ്പോരേണ്ടതുമാണ്.

സി) തെരുവു വിളക്ക് പരിപാലനം -ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

തെരുവു വിളക്ക് പരിപാലനത്തിനായി 2017-18 വർഷം 5,25,000/- രൂപ തനതുഫണ്ടിൽ നിന്നും വകയിരുത്തി പദ്ധതി രൂപീകരിച്ചെങ്കിലും (പ്രോജക്റ്റ് നം 3/17-18) സുലേഖ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവ് റിപ്പോർട്ടിൽ പദ്ധതി നടപ്പാക്കാത്തതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആ വർഷം വിവിധ പെറ്റി വർക്കുകളായി തെരുവു വിളക്കുകൾ നന്നാക്കുകയും ഒരു പോസ്റ്റിന് 170/- രൂപ പ്രകാരം സമീർ എം എ എന്ന വ്യക്തിക്ക് തുക അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം 2017-18 വർഷം" 230500704 repairs and maintenance electricity street light"- എന്ന ഹെഡിൽ 3,73,624/- രൂപ ചെലവഴിച്ചിട്ടുണ്ട്. 06.02.2018- ലെ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം മേൽപ്പറഞ്ഞ തനത് ഫണ്ട് പ്രൊജക്ട് നടപ്പാക്കാത്തിനാൽ 5,25,000/- രൂപ മറ്റ് പ്രൊജക്ടുകൾക്കായി വകമാറ്റുന്നു എന്ന തീരുമാനവും ഉണ്ട്. അംഗീകരിച്ച പദ്ധതി ഉണ്ടായിരിക്കെ, അത് നടപ്പാക്കാതെയും ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെയും തുക ചെലവഴിച്ചതിന് വിശദീകരണമാരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം 07/12.07.18) നല്കിയിരുന്നു. ഇതിന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കുകയുണ്ടായി.

"പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഭാഗമായി 25/10/2017 ൽ ക്ഷണിക്കപ്പെട്ട ഇ ടെണ്ടറിൽ ആരും തന്നെ പങ്കെടുത്തില്ല. തുടർന്ന് 13/11/2017 ൽ റീ ടെണ്ടർ ചെയ്യുകയും ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം മാത്രം 17,65,500/-രൂപയുടെ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. 15/11/2017 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ടെണ്ടർ പരിഗണിക്കുകയും എന്നാൽ പദ്ധതി അടങ്കൽ തുകയേക്കാൾ വളരെ ഉയർന്ന തുകയായതിനാൽ പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാകുമെന്ന് വിലയിരുത്തുകയും ടി സ്ഥാപനം സമർപ്പിച്ച ടെണ്ടർ നിരാകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തെരുവു വിളക്ക് പരിപാലനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും പൊതുജനത്തിന്റെ പരാതിയുണ്ടാകാമെന്നതിനാലും പഞ്ചായത്തിന്റെ ദൈനംദിന ജോലികൾ ചെയ്തിരുന്ന ശ്രീ സമീർ എന്ന വ്യക്തിക്ക് പോസ്റ്റ് ഒന്നിന് 170/- രൂപ നിരക്കിൽ ലേബർ കോസ്റ്റ് നൽകി തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി ചെയ്യിപ്പിക്കുന്നതിന് മേൽ സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ് ".

പഞ്ചായത്തിന്റെ ഉത്തമ താൽപര്യത്തിന് യോജിച്ച തീരുമാനമായതിനാലും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കാത്തതിനാലും തൻവർഷത്തെ ചെലവ് അംഗീകരിക്കുന്നു. മറുപടി

അംഗീകരിക്കുന്നു. ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പാലിച്ച് മാത്രമേ ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കാവൂ എന്ന് ഉറപ്പുവരുത്തേണ്ടത് പഞ്ചായത്ത് ഭരണ സമിതിയുടെ ഉത്തരവാദിത്തമാണ്.

## 3-4 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ 8 പ്രോജക്ടുകളിലായി 2017-18 വർഷം 11,51,102/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നൂതന പദ്ധതിയായ പ്രാഥമിക വിള ആരോഗ്യകേന്ദ്രവും ഉൾപ്പെടുന്നു. പദ്ധതി ഫയലുകൾ നല്ല രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. പച്ചക്കറി കൃഷി വികസനം എന്ന പദ്ധതി വിത്തും വളവും നൽകലിൽ മാത്രമൊതുങ്ങാതെ ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുകയും വകുപ്പുതല ഫണ്ട് ഉപയോഗിച്ച് ഗ്രോബാഗും നൽകിയത് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നല്ല ഇടപെടലാണ്. പദ്ധതികളുടെ മോണിറ്ററിംഗും തൃപ്തികരമായി നടത്തിയിട്ടുണ്ട്. കൃഷി ഓഫീസർ നടപ്പിലാക്കിയ ശ്രദ്ധേയമായ രണ്ട് പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

<u>പ്രാഥമിക വിള ആരോഗ്യകേന്ദ്രം</u>

കാർഷികവിളകൾക്കുണ്ടാകുന്ന രോഗബാധ നിയന്ത്രിക്കുന്നതിനും നല്ല വിളവ് ലഭിക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, കീടനാശിനികളുടെ ഉപയോഗം പരമാവധി കുറക്കുക എന്ന ലക്ഷ്യത്തിനായും ഒരു പ്രാഥമിക വിള ആരോഗ്യകേന്ദ്രം പഞ്ചായത്തിൽ സ്ഥാപിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൃത്യമായി രോഗനിർണ്ണയം നടത്തി ആവശ്യത്തിനുമാത്രം സൗജന്യമായി കീടനാശിനി നൽകുന്നതിലൂടെ കൂടുതൽ അളവിൽ കീടനാശിനി വാങ്ങുകയും ഉപയോഗിച്ച് ബാക്കിവരുന്നത് മണ്ണിലുപേക്ഷിക്കേണ്ടി വരുന്ന രീതി ഒഴിവാക്കാനുമാകുന്നു. കീടനാശിനികളുടെ അമിത ഉപയോഗം തടയുന്നതിനും അതുവഴി മണ്ണും ഭൂഗർഭജലവും വിഷവിമുക്തമാക്കുന്നതിനും ഇതിലൂടെ കഴിയുന്നു. കീടനാശിനി പ്രയോഗം അവയുടെ ആഘാതത്തെക്കുറിച്ച് അറിവുള്ള, പ്രത്യേക പരിശീലനം സിദ്ധിച്ച തൊഴിലാളികൾ മുഖേന നടത്തുക എന്ന ലക്ഷ്യത്തോടെ "ചൂർണ്ണിക്കര കാർഷിക കർമ്മസേന" എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തുന്നുണ്ട്. പ്രാഥമിക വിള ആരോഗ്യകേന്ദ്രത്തിന് ഭൗതിക സാഹചര്യമൊരുക്കുന്നതിനും മരുന്ന് വാങ്ങുന്നതിനുമായി 2017-18 ലെ പദ്ധതിയിലുൾപ്പെടുത്തി 3,70,973/- രൂപ ചെലവഴിച്ചിട്ടുണ്ട് (പദ്ധതി നം 126/17-18). കൂടാതെ കർഷക ഗ്രൂപ്പുകൾക്ക് കാർഷികോപകരണങ്ങൾ എന്ന പദ്ധതി പ്രകാരം 1,10,000/-രൂപ ചെലവഴിച്ച് കാർഷികോപകരണങ്ങൾ വാങ്ങി കാർഷിക കർമ്മസേനക്ക് നൽകിയിട്ടുണ്ട്. ഇവയുപയോഗിച്ച് തെങ്ങുകൾക്ക് മരുന്ന തളിക്കുന്ന പ്രവർത്തനവും തേങ്ങയിടലും നല്ല രീതിയിൽ നടന്നുവരുന്നു. കാർഷിക കർമ്മസേന വഴി നൽകുന്ന സേവനങ്ങൾക്ക് ഭരണസമിതിയുടെ അംഗീകാരത്തോടെ ഫീസ് നിശ്ചയിക്കേണ്ടതും, വരവ്-ചെലവു കണക്കുകൾ പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

<u>തരിശുനിലകൃഷി</u>

തരിശുഭൂമി കൃഷിയോഗ്യമാക്കുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തിലെ 15 ഏക്കർ വരുന്ന ചവർപാടം എന്ന പാടശേഖരത്തിൽ കഴിഞ്ഞ വർഷം നെൽകൃഷിയിറക്കിയത് വൻ വാർത്താപ്രാധാന്യം നേടിയിരുന്നു. ഒന്നരപതിറ്റാണ്ടായി തരിശുകിടന്ന പാടത്ത് തരിശുനിലകൃഷി ഉണ്ടാക്കിയ സാമൂഹ്യമാറ്റം ചില്ലറയൊന്നുമല്ല. ഒരു പ്രാദേശിക ജനതയെ നെൽപ്പാടത്തേക്ക് ആകർഷിച്ച് വരുത്താനും ചുറ്റുവട്ടത്തെ കിണറുകളും കുളങ്ങളും നല്ല

ജലസ്രോതസ്സുകളാക്കി മാറ്റാനും അതുവഴി കഴിഞ്ഞു. സംസ്ഥാനത്തെ നെല്ലുൽപാദനം ഹെക്ടറിന് 2800 കി.ഗ്രാം ആയിരിക്കെ ഈ പാടശേഖരത്തിൽ കൃഷിയിറക്കിയ ജ്യോതി നെല്ലിനത്തിൽ നിന്നും ലഭിച്ചത് 9800/- കി.ഗ്രാം ആണ്. മണ്ണിന്റെ സൂക്ഷ്മസ്വഭാവ സവിശേഷതകൾ പഠിച്ച് അതിന്റെ പോരായ്മകൾക്കും ആധിക്യത്തിനുമനുസൃതമായ പരിപാലന മുറകളിലൂടെ നല്ല വിളവുണ്ടാക്കാമെന്ന പാഠവും ഇവിടത്തെ കൃഷരീതി നൽകി . കർഷകരെ മാത്രം ഗുണഭോക്താക്കളാക്കി നടപ്പാക്കിയ ഒരു പദ്ധതിയല്ല ചൂർണ്ണിക്കരയിൽ നടപ്പാക്കിയത്. പദ്ധതിയുടെ സാമൂഹ്യ-സാമ്പത്തിക പാരിസ്ഥിതിക സേവനങ്ങൾ പഞ്ചായത്തിലെ പൊതുസമൂഹത്തിനു ലഭ്യമാക്കണമെന്നും ലക്ഷ്യമിട്ടിരുന്നു.അതിനായി നെൽകൃഷിയുടെ നല്ല പാഠങ്ങൾ മാത്രം നടപ്പാക്കി ഉത്പാദിപ്പിച്ച 40 ടൺ നെല്ലും അരിയാക്കി "ചൂർണ്ണിക്കര കുത്തരി" എന്ന പേരിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 2 കി.ഗ്രാം വീതം കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുകയുണ്ടായി. ചവർപാടത്തെ നെൽകൃഷിയുടെ നല്ല പാഠം നാടെങ്ങും മാതൃകയാക്കാവുന്നതാണ്.

## 3-5 ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റർ പോട്ട് പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കൽ -മോണിറ്ററിംഗ് ഫലപ്രദമല്ല- ചെലവ് രേഖകളുടെ അഭാവത്താൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം : 44/17-18, 92/17-18 (എസ്.ഒ)

പ്രോജക്റ്റിന്റെ പേര് : മാലിന്യസംസ്കരണം-ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റർ പോട്ട് പൈപ്പ് കമ്പോസ്റ്റ്)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ എസ്.എൻ പുരം

ആകെ അടങ്കൽ : 809850/- , 14,13,000/-

ചെലവഴിച്ച തുക : 98250/- , 459045/-

| ബിൽ നം./തീയതി | തുക |
|---|---|
| 5/17-18/8.10.17 | 12783 |
| 8/17-18/12.11.17 | 47217 |
| 190/17-18/20.2.18 | 34245 |
| 285/17-18/24.3.18 | 34245 |
| 143/17-18/12.12.17 | 72000 |
| 145/17-18/20.12.17 | 142950 |
| 372/17-18/31.3.18 | 34830 |
| 371/17-18/31.3.18 | 80775 |
| ആകെ | 459045 |

| ബിൽ നം./തീയതി | തുക |
|---|---|
| 18/17-18/6.3.18 | 18875 |
| 25/17-18/23.3.18 | 79375 |
| ആകെ | 98250 |

ഉറവിടമാലിന്യസംസ്കരണം നടത്തുന്നതിനായി വീടുകളിൽ ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റർ പോട്ട് പൈപ്പ് കമ്പോസ്റ്റ് എന്നിവ സ്ഥാപിച്ച നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ഇതിലേക്കായി ശുചിത്വമിഷന്റെ അംഗീകാരമുള്ള ഒരു ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ ആലുവ എന്ന സ്ഥാപനത്തെ പഞ്ചായത്ത് തെരഞ്ഞെടുക്കുകയും അവരുമായി കരാറിലേർപ്പെട്ട് തുക കൈമാറുകയും ചെയ്തിരിക്കുന്നു. തുക കൈമാറിയതല്ലാതെ എത്ര വീടുകളിൽ ഇവ സ്ഥാപിച്ചു, അവ പ്രവർത്തന ക്ഷമമാണോ തുടങ്ങിയ വിവരങ്ങളോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നാളിതു വരെ (മുൻവർഷങ്ങളിലെ പദ്ധതി ഉൾപ്പെടെ ) സ്ഥാപനത്തിനു കൈമാറിയ തുകയുടെ വിവരവും സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റർ പോട്ട് പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയവയുടെ വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 13/16.07.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഇത്തരം പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമാകണമെങ്കിൽ നിർവ്വഹണത്തോടൊപ്പം സമാന്തരമായി നടത്തേണ്ട പ്രവർത്തനമാണ് മോണിറ്ററിംഗ്. അനുദിനം നഗരവൽക്കരിച്ചുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ മാലിന്യസംസ്കരണം ഒരു പ്രധാന വെല്ലുവിളിയാണ്. വാർഡുതല ശുചീകരണപ്രവർത്തനങ്ങൾക്കും മാലിന്യ സംസ്കരണത്തിനുമായി 2017-18 ൽ പത്ത് ലക്ഷത്തിലധികം രൂപ പഞ്ചായത്തിന് ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്(വിവിധ ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തിയതിനാൽ കൃത്യമായ കണക്ക് ലഭ്യമായില്ല). ഉറവിട മാലിന്യ സംസ്കരണ പദ്ധതി ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്ഥിരംസമിതിയുടേയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റർ പോട്ട് പൈപ്പ് കമ്പോസ്റ്റ് തുടങ്ങിയവയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ഈ പദ്ധതിക്കായി തൻവർഷം ചെലവഴിച്ച 557295/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവുനായ്ക്കളുടെ വന്ധ്യംകരണം - ശരിയായ മോണിറ്ററിംഗിന്റെ അഭാവം

.

പ്രോജക്റ്റ് നം : 123/17-18

പ്രോജക്റ്റിന്റെ പേര് : തെരുവുനായ്ക്കളുടെ വന്ധ്യംകരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ആകെ അടങ്കൽ : 2,00,000/-(തനതു ഫണ്ട്)

ചെലവഴിച്ച തുക : 2,00,000/-(ബിൽ നം 152/26.12.17)

തെരുവുനായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ആവിഷ്കരിച്ച എ.ബി.സി. പരിപാടിയുടെ നിർവ്വഹണത്തിനായി കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസികളായി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ) നം 1450/17 /ത.സ്വ.ഭ.വ തീയതി 05/05/2017). ഈ ഉത്തരവനുസരിച്ച് ഒരു തെരുവുനായയെ

വന്ധ്യംകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 2100/-രൂപ കുടുംബശ്രീ ജില്ലാ മിഷന് കൈമാറാവുന്നതാണ്. മേൽ പദ്ധതിക്കായി പഞ്ചായത്ത് 2017-18 ൽ 2,00,000/-രൂപ വകയിരുത്തുകയും മേൽപ്രകാരം തുക കുടുബശ്രീ ജില്ലാമിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കുടുംബശ്രീയും പഞ്ചായത്തും തമ്മിലേർപ്പെട്ട കരാറിലെ പ്രധാന വ്യവസ്ഥകൾ താഴെ പറയുന്നവയാണ്.

1. പദ്ധതി തുക മുൻകൂറായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് കൈമാറേണ്ടതാണ്.

2. കുടുംബശ്രീ DMC മുഖാന്തിരം എംപാനൽ ചെയ്ത ഡോക്ടർമാരെ ഉപയോഗിച്ച് നായകളെ വന്ധ്യംകരിക്കുന്നതാണ്.

3. എ.ബി.സി പ്രവർത്തനങ്ങൾക്കായി പ്രാദേശികമായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

4. ടി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുന്നോടിയായി പഞ്ചായത്ത് തെരുവുനായകളുടെ കൃത്യമായ വിവരം മിഷനിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായുള്ള പ്രാദേശിക സഹകരണം തദ്ദേശ സ്വയംഭരണ മേധാവികൾ, വാർഡ് മെമ്പർമാർ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെടുത്തി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് ലഭ്യമാക്കേണ്ടതും അവരുടെ സഹകരണത്തോടെ വിവിധ പ്രദേശങ്ങളിൽ നിന്നും നായകളെ പിടിക്കുന്നതും സർജറിക്ക് ശേഷം പിടിച്ച സ്ഥലത്തു തന്നെ ഇവയെ തിരികെ വിടുന്നതുമാണ്.

കരാർ പ്രകാരമുള്ള കാര്യങ്ങൾ ചെയ്തതിന്റെ രേഖകളും മോണിറ്ററിംഗ് സമിതി റിപ്പോർട്ടും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം15/16.07.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 95 നായകളെ വന്ധ്യംകരിച്ചിട്ടുണ്ട് എന്ന സെക്രട്ടറിയുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിലുള്ളത്. ഇത് കുടുംബശ്രീക്ക് നൽകിയ തുകക്കനുസരിച്ചുള്ള (2100x95= 199500), യാതൊരു രേഖകളുടേയും പിൻബലമില്ലാത്ത, ഒരു കണക്ക് മാത്രമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശരിയായ മോണിറ്ററിംഗ് അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ വികസനകാര്യ സ്ഥിരംസമിതിയുടേയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 പറഞ്ചേരി - കരുവേലി മണപ്പുറം റോഡ് പുനരുദ്ധാരണം- നടപടി ക്രമങ്ങളിൽ അപാകത

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പറഞ്ചേരി - കരുവേലി മണപ്പുറം റോഡ് പുനരുദ്ധാരണം- വാർഡ് 15 |
| പ്രൊ.നമ്പർ | എസ് 070/18 |
| അടങ്കൽ തുക | 6,50,000/- (MG-road) |
| കോൺട്രാക്ടറുടെ പേര് | സി.പി.നാസർ |
| എഗ്രിമെന്റ് നമ്പർ- തീയതി | 3/AE/C/17-18 Dtd. 29.11.2017 |
| എഗ്രിമെന്റ് തുക | 6,49,078.24 |

| | |
|---|---|
| എം- ബുക്ക് നമ്പർ | 28/17-18 |
| കോൺട്രാക്ടർക്ക് നല്കിയ തുക | 630041/- |

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ വാർഡ് 15-ൽ 270 മീറ്റർ നീളത്തിൽ റോഡ് ടാർ ചെയ്യുന്നതിനും, 18 മീറ്റർ നിലവിലുള്ള കോൺക്രീറ്റ് റോഡ് റീ കോൺക്രീറ്റ് ചെയ്യുന്നതിനുമായി 9.11.2017-ൽ പരസ്യം ചെയ്ത ഇ-ടെൻഡർ അനുസരിച്ച് 15.11.2017-ൽ ശ്രീ. സി.പി നാസർ എന്നയാൾ ബിഡ് സമർപ്പിച്ചു. 6,49,078.24 രൂപയുടെ (0.99% കുറവ്) ബിഡിൽ പറഞ്ഞിരിക്കുന്ന റേറ്റുകൾ അംഗീകരിച്ച് ടിയാൾക്ക് 29.11.2017-ൽ സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ അന്നുതന്നെ കരാർ വെച്ച് സൈററ് ഏറ്റെടുത്തു. മേൽപ്പറഞ്ഞ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ എൻക്വയറിക്ക് ലഭിച്ച മറുപടി പരിഗണിച്ച് റീടെൻഡർ, മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം എന്നിവ സംബന്ധിച്ച വിശദീകരണങ്ങൾ ബോദ്ധ്യപ്പെട്ടു. എന്നാൽ ചുവടെപ്പറയുന്ന അപാകതകൾ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം പണികൾ ചെയ്യാമെന്ന് കരാർ വെച്ച് 29.11.2017-ൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് അന്നുതന്നെ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും കരാർ പ്രകാരം 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കാൻ ബാദ്ധ്യസ്ഥനാവുകയും ചെയ്തിരുന്നു. എന്നാൽ 3 മാസം കഴിഞ്ഞ് 22.02.2018-ലെ I (3)-ാം നമ്പർ തീരുമാനത്തിൽ പ്രവൃത്തിപ്രദേശം വെള്ളക്കെട്ടുള്ളതാണെന്ന 22/2/18 ലെ വാർഡ് മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി അടങ്കൽ തുക അധികരിക്കാത്ത രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പണി നടത്തിക്കാൻ അസിസ്റ്റന്റ് എൻജിനീയറെ പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തി. എന്നാൽ സൈറ്റ് ഏറ്റെടുത്ത കരാറുകാരനോ, നിർവ്വഹണോദ്യോഗസ്ഥനായ എൻജിനീയറോ പ്രവൃത്തി നടത്തുന്നതിന് എന്തെങ്കിലും തടസ്സമോ, സാങ്കേതികപ്രശ്നമോ നേരിടുന്നതായി രേഖാമൂലം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയേയോ, പഞ്ചായത്ത് കമ്മിറ്റിയെയോ അറിയിച്ചതായി ഫയലിൽ ഇല്ല.

2.ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പറഞ്ചേരി - കരുവേലി മണപ്പുറം റോഡിൽ എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം നടത്താൻ നിശ്ചയിച്ചിരുന്ന മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ്, സൈഡ് കെട്ട് എന്നിവ ഒഴിവാക്കി ( നിലവിലെ എസ്റ്റിമേറ്റിലെ 8 ഇനങ്ങൾ ഒഴിവാക്കി) 191 മീറ്റർ റോഡിൽ 80mm (M30) സിമെന്റ് കോൺക്രീറ്റ് കട്ടകൾ വിരിക്കാൻ വേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കി 1/3/18 -ൽ പണി ആരംഭിച്ചു.

a) ആദ്യ എസ്റ്റിമേറ്റിൽ പറഞ്ഞിരുന്ന പ്രകാരമുള്ള പ്രവൃത്തി പൂർണ്ണമായി ഉപേക്ഷിച്ച് ( മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ്, സൈഡ് കെട്ട്) പുതിയൊരു പ്രവൃത്തിയിനമാണ് പിന്നീടുണ്ടാക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. പ്രവൃത്തിയുടെ സ്വഭാവം തന്നെ മാറിയ സ്ഥിതിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റല്ല വേണ്ടിയിരുന്നത് റീ-കാസ്ററ് എസ്റ്റിമേറ്റായിരുന്നു. റീകാസ്റ്റ് എസ്റ്റിമേറ്റിന് പ്രവൃത്തിയുടെ ആദ്യഘട്ടം മുതലുള്ള നടപടിക്രമങ്ങൾ തന്നെ പാലിക്കണമെന്നാണ് വ്യവസ്ഥ. ഇത്ചൂണ്ടിക്കാണിക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റിന് വെറ്റിംഗ് ഓഫീസർ അംഗീകാരം കൊടുത്തതും, ആയത് പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റിന്മേൽ പ്രവൃത്തി ചെയ്യിച്ചതും നടപടിക്രമങ്ങളുടെ ലംഘനമാണ്.

b) ഇ-ടെൻഡർ പ്രസിദ്ധം ചെയ്തതും, കരാറുകാരൻ വർക്ക് ഏറ്റെടുത്തതും, ആദ്യ

എസ്റ്റിമേറ്റിനാണ്. പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ സ്വഭാവം പൂർണ്ണമായി മാറിയശേഷവും അതേ കരാറുകാരന് തന്നെ റീ-ടെൻഡർ ചെയ്യാതെ പ്രവൃത്തി ചെയ്യാൻ ഏല്പ്പിച്ചത് നടപടി ക്രമങ്ങളുടെ ലംഘനവും, മരാമത്ത് പ്രവൃത്തികളുടെ സുതാര്യതയെ നിരാകരിക്കുന്നതുമാണ്.

c) ഒറിജിനൽ എസ്റ്റിമേറ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ റീകോൺക്രീറ്റിംഗ് ആവശ്യമാണെന്ന് പറഞ്ഞ 18 മീറ്റർ റോഡിന്റെ ഇനം റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആവശ്യകത(Necessity), നടപ്പിലാക്കാനുള്ള സാധ്യത(Feasibility), പ്രവൃത്തികൊണ്ടുള്ള പ്രയോജനം (Viability) എന്നിവ പരിഗണിക്കാതെയാണ് വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് ഭരണസമിതി എന്നീ അധികാര സ്ഥാനങ്ങൾ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നത് എന്നതാണ് ഇതിൽനിന്ന് വ്യക്തമാകുന്നത്.

വികേന്ദ്രീകൃതാസൂത്രണപ്രക്രിയയുടെ സത്ത ഉൾക്കൊണ്ട് പ്രാദേശികവികസനത്തിന് പൂർണ്ണമായി അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ഏറ്റെടുക്കാനും, ആയതിന്റെ ആസൂത്രണ- നിർവ്വഹണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് ഭരണസമിതി എന്നിവയുടെ സജീവമായ ഇടപെടൽ ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണസ്ഥാപനം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-8 മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

| പ്രൊജക്ട് നമ്പർ | പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ഇൻഡന്റ് പ്രകാരം നല്കിയ തുക. ബിൽ നമ്പർ, തീയതി | ലഭിച്ച മരുന്നുകൾ -രൂപ. | ലഭിക്കുവാൻ ബാക്കിയുള്ള മരുന്നുകൾ |
|---|---|---|---|---|---|
| 32/2018 | പി.എച്ച്.സി യിലേക്ക് മരുന്ന വാങ്ങൽ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 200000 ബിൽ നം. 04/2018 -20/10/2017 | 40918 | 159082 |
| 33/2018 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 250000 ബിൽ നം. 05/2018- 20/10/2017 | 0 | 250000 |
| 35/2018 | ആയൂർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ. | മെഡിക്കൽ ഓഫീസർ ആയുർവേദം | 800000 01/2017 03.02.18 | 656069 | 143931 |

മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കും ദൈനംദിന ആരോഗ്യ ആവശ്യങ്ങൾക്കും മരുന്നിനായി സാധാരണ ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യം കണക്കിലെടുത്ത് കെ എം എസ് സി എൽ, ഹോംകോ, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് ഇൻഡന്റ് പ്രകാരമുള്ള മുഴുവൻ തുകയും മുൻകൂർ നൽകിയിട്ടും നാളിതുവരെ മരുന്നുകൾ മുഴുവനായും നല്കാത്ത നടപടി ന്യായീകരണം അർഹിക്കുന്നതല്ല. വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രോജക്ടുകളുടെ പ്രവർത്തനങ്ങളെ

മോണിറ്ററിംഗ് നടത്തിയിട്ടില്ല. . ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ഇടപെടലുകളിലൂടെ മരുന്നുകൾ യഥാസമയം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കലാ സാംസ്കാരിക പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കൽ- കണക്കുകൾ കൃത്യത ഉറപ്പാക്കണം

പ്രോജക്റ്റ് നം : 129/17-18

പ്രോജക്റ്റിന്റെ പേര് : പഞ്ചായത്ത് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ കലാ സാംസ്കാരിക പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ, തായിക്കാട്ടുകര

ആകെ അടങ്കൽ : 50,000/-(തനതു ഫണ്ട്)

ചെലവഴിച്ച തുക : 27315/-

പതിമൂന്നാം പദ്ധതിക്കാലത്ത് പ്രാദേശിക സർക്കാരുകൾ കലാ സാംസ്കാരിക രംഗത്ത് ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് പദ്ധതി മാർഗരേഖയിൽ നിർദ്ദേശിക്കുന്നുണ്ട്. ഇതനുസരിച്ച് കേരള സംഗീത നാടക അക്കാദമിയുടെ സഹകരണത്തോടെ ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്ത് ഗ്രന്ഥശാല രണ്ട് മാസത്തിലൊരിക്കൽ ഒരു നാടകം വീതം പ്രദർശനം നടത്തുന്നുണ്ട്. കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് അഭിനന്ദനാർഹമാണ്. ഇതിന്റെ സംഘാടനച്ചെലവുകൾക്കായാണ് മേൽ പ്രോജക്റ്റിൽ തുക ചെലവഴിച്ചിട്ടുള്ളത്. 2017-18 വർഷം ആകെ നാല് നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | നോട്ടീസ്- മൈത്രി പ്രിന്റേഴ്സ് | 9315 ( 4 നാടകത്തിനും കൂടി) |
| 2 | ജനറേറ്റർ വാടക- എം കെ സൗണ്ട്സ് ആലുവ | 18000 ( 4 നാടകത്തിനും കൂടി) |
| | ആകെ | 27315 |

ഇതു കൂടാതെ പദ്ധതിയിൽ ഉൾപ്പെടുത്താതെ 21700623/30.08.2017 നമ്പർ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിന്നും 6200/- രൂപ താഴെ പറയും പ്രകാരം ഈ പരിപാടിയുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | പത്രസമ്മേളനം | 4100 |
| 2 | സംഘാടക സമിതി യോഗം-ചായ , സ്നാക്ക്സ് | 600 |
| 3 | അനൗൺസ്മെന്റ് റെക്കോർഡിംഗ് | 1000 |
| 4 | ജനറേറ്റർ- ഡീസൽ | 500 |
| | ആകെ | 6200 |

പ്രവേശന ഫീസായി 20/-രൂപ ഏർപ്പെടുത്തിയിട്ടുള്ളതായി പരിപാടിയുടെ നോട്ടീസിൽ പറയുന്നുണ്ട് . എന്നാൽ എത്ര രൂപ ഈയിനത്തിൽ ലഭിച്ചെന്നോ, എത്ര പേർ നാടകം കാണാനെത്തിയെന്നോ എന്നതിന് രേഖകളൊന്നും ലഭ്യമാക്കിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട

വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം 3/11.07.18). ഇതനുസരിച്ച് വരവ്-ചെലവ് കണക്കുകളും സംഘാടക സമിതിയോഗത്തിന്റെ മിനിറ്റ്സും ഹാജരാക്കിയത് പരിശോധിച്ച് ബോധ്യപ്പെടുകയുണ്ടായി. നിലവിൽ പണമിടപാടുകൾ കൈകാര്യം ചെയ്യുന്നതിന് ഒരു ബാങ്ക് അക്കൗണ്ട് ഇല്ലാത്തത് ഒരു പോരായ്മയാണ്. പണം കൈയിൽ സൂക്ഷിക്കുന്നത് ഒഴിവാക്കുന്നതിനും പണമിടപാടുകളിൽ സുതാര്യത ഉറപ്പാക്കുന്നതിനും സംഘാടക സമിതി ഭാരവാഹികളുടെ പേരിൽ ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതാണ്. പരിപാടിയുടെ വരവ് -ചെലവുകൾ സംഘാടക സമിതിയോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതും പദ്ധതിയുടെ ഓഡിറ്റ് വേളയിൽ കണക്കുകളും രേഖകളും ഹാജരാക്കേണ്ടതുമാണ്.തനതു ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന്റെ ആധികാരികത ധനകാര്യ സ്ഥിരം സമിതി ഉറപ്പാക്കേണ്ടതാണ്.

.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

.

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 212500 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 212500 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 793500 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 212500 | 500000+ 217277(O/B) =717277 |
| | | | | ക്ഷീരോൽപാദകർക്ക് സബ്സിഡി | 30000 | |
| | | | | നെൽക്കൃഷി വികസനം | 51000 | |
| | | | | ആകെ | 293500 | |
| 3 | ഐ.സി.ഡി .എസ് | 2017-18 | 690450 | പൂരക പോഷകാഹാരവിതരണം | 569958 | 120492+ 496791= 617283 |
| 4 | ജില്ലാ ശുചിത്വ മിഷൻ | 2017-18 | 54083 | സമ്പൂർണ്ണ ശുചിത്വം | 0 | 54083 + 99338= 153421 |

### 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ലൈൻ വിപുലീകരണം | 21701655 | 700000 | 0 | 700000 |
| കേരള വാട്ടർ അതോറിറ്റി | ശുദ്ധജല പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21701487 | 4800 | 4800 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | എസ്.സി കോളനിയിൽ ഹൈമാസ്റ്റ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് നം.78 | 21701464 | 628188 | 0 | 628188 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | എസ്.സി കോളനിയിൽ മിനി മാസ്റ്റ് ലൈൻ സ്ഥാപിക്കൽ പ്രോജക്ട് നം.186 | 21701482 | 247812 | 247812 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 3-ാം വാർഡ് വട്ടോലിപറമ്പ് എസ്.സി കോളനിയിലേക്ക് വൈദ്യുതി ലൈൻ നീട്ടൽ | 21701486 | 31995 | 31995 | 0 |

വിവിധ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകകൾ അതാത് വാർഡുകളിൽ ചെലവഴിച്ചിട്ടുണ്ടോ എന്ന് കാണിക്കുന്ന വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 60,398/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2000-2001 | 2(5) | 80 | കെ.ഒ അന്നമ്മ, പ്യൂൺ | 117030103904/ 27.10.17 |
| 2001-2002 | 2(5) | 16 | എൽസി ഫെർണാണ്ടസ് , സീനിയർ ക്ലാർക്ക് | 117030103915/ 27.10.17 |
| 2001-2002 | 2(7) | 175 | ശാന്ത ഉണ്ണികൃഷ്ണൻ പ്രസിഡന്റ് | 117030103917/ 27.10.17 |
| 2003-2004 | 2(3) | 844 | നെസ്റ്റ് സിസ്റ്റം | 117030103918/ 27.10.17 |
| 2004-2005 | 2(1) | 793 | നെസ്റ്റ് സിസ്റ്റം | 117030103919/ 27.10.17 |
| 2004-2005 | 2(2) | 250 | എ.എം.കോയക്കുട്ടി വ്യാപാരി | 117030103920/ 27.10.17 |
| 2006-2007 | 2(1) | 40 | എ.വി.സാബു | 117030103921/ 27.10.17 |
| 2006-2007 | 2(2) | 169 | നാസർ ടി.എ | 117030103922/ 27.10.17 |
| 2006-2007 | 2(4) | 372 | ജോഷി ജോർജ്ജ് കുട്ടി | 117030103923/ 27.10.17 |
| 1997-1998 | 21(1) | 1230 | കെ.എ ജോസഫ്, സെക്രട്ടറി | 117030104044/ 3.11.2017 |
| 1997-1998 | 21(3) | 1 | കെ.എ ജോസഫ് സെക്രട്ടറി | 117030104047/ 3.11.2017 |
| 1997-1998 | 21(4) | 226 | അബൂബക്കർ അഷ്റഫ് ഏലിയാമ്മ, നികുതിദായകർ | 117030104058/ 3.11.2017 |
| 1997-1998 | 35 | 681 | ടി. അച്ചാമ്മ ജോൺ പ്രസിഡന്റ് | 117030104059/ 3.11.2017 |
| 1998-1999 | 21 (f) | 150 | കെ.എ ജോസഫ് സെക്രട്ടറി | 117030104060/ 3.11.2017 |
| 1998-1999 | 21(2) | 120 | കെ.എ ജോസഫ് സെക്രട്ടറി | 117030104061/ 3.11.2017 |

| | | | | |
|---|---|---|---|---|
| 1998-1999 | 22(2) | 300 | കെ.എ ജോസഫ് സെക്രട്ടറി | 117030104062/ 3.11.2017 |
| 1998-1999 | 23 | 50 | ലൈല ആഞ്ഞിൽമൂട്ടിൽ, ഷൈജു, പാലത്ത് വ്യാപാരി | 117030104063/ 3.11.2017 |
| 1998-1999 | 24 | 725 | കെ.എ ജോസഫ് സെക്രട്ടറി | 117030104064/ 3.11.2017 |
| 1998-1999 | 26 | 32 | കെ.എ ജോസഫ് സെക്രട്ടറി | 117030104065/ 3.11.2017 |
| 1998-1999 | 33 | 17 | കെ.എ ജോസഫ് സെക്രട്ടറി | 117030104066/ 3.11.2017 |
| 1998-1999 | 40 | 500 | കെ.എ ജോസഫ് സെക്രട്ടറി | 117030104067/ 3.11.2017 |
| 1998-1999 | 59 | 403 | അബ്ബാസ് പി. കോൺട്രാക്ടർ | 117030104068/ 3.11.2017 |
| 1999-2000 | 24(2) | 364 | കെ.എ ബഷീർ നികുതിദായകൻ | 117030104069/ 3.11.2017 |
| 2011-12 | 2(3) | 2500 | മാനേജർ ഇൻഡസ് മോട്ടോഴ്സ് | 117030104075/ 4.11.2017 |
| 2011-12 | 3(4) | 37260 | ജലീൽ മോളേത്ത്, | 117030107761/ 16.2.2018 |
| | ആകെ | 47298/- | | |

വാർഷിക ധനകാര്യപ്പത്രികയിൽ ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ 60398/- രൂപയാണ് കാണിച്ചിരിക്കുന്നത്. 2016-17 ഓഡിറ്റ് വേളയിൽ നല്കിയ എൻക്വയറി പ്രകാരം 13100/- രൂപ ഈ ഹെഡിൽ അടച്ചിട്ടുണ്ട്. ഈ തുകയും കൂടി ചേർത്താണ് 60398/- രൂപ.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 2 (12) | 2006-07 | 3.39.1.2 | മരാമത്ത് പണികൾക്കും, മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ടും പണി പൂർത്തീകരിച്ചിട്ടില്ല | |
| | | | | പഞ്ചായത്ത് ലൈബ്രറി ഹാൾ | നടപടി വിവരം സംസ്ഥാന ഓഡിറ്റ് |

| | | |
|---|---|---|
| | വികസനം | വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു |
| | ഇടവനപ്പാടം സാംസ്കാരിക നിലയം | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | തണ്ടിരിക്കൽ കാന പണി | മറുപടി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു |
| | വേവ്കാട്ടിൽ ലൈൻ റോഡ് | മറുപടി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പരാമർശം നിലനിൽക്കുന്നു |
| | മുണ്ടയത്ത് പറമ്പ് റോഡ് | റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/ സർച്ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81951998 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75671834 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,57,295 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-5 | 5,57,295 | സന്ധ്യ സി.ബി, വി.ഇ.ഒ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 5750 | ഡെന്നീസ് കൊറയ, സെക്രട്ടറി |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളായവരുടെ പേരും, മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഒദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സന്ധ്യ, സി.ബി. വി.ഇ.ഒ | വി.ഇ.ഒ എസ്.എൻ പുരം | കല്ലിങ്കൽ ഹൗസ്, ചോറ്റാനിക്കര പി.ഒ |
| ഡെന്നീസ് കൊറയ സെക്രട്ടറി | സെക്രട്ടറി, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | കുറ്റിക്കശ്ശേരി വീട്, വടുതല, കൊച്ചി -23 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.ഇ.(പി3) 34/97/12.12.97 | | |
| 1996-97 | എൽ.എഫ്.ഇ.(പി3) 54/98/6.03.98 | 3 | |
| 1997-98 | എൽ.എഫ്.ഇ.(പി5) 160/03,6.2.2003 | 49 | |
| 1998-99 | എൽ.എഫ്.ഇ.(പി5) 196/2003, 10.2.2003 | 49 | |
| 1999-2000 | കെ.എസ്.എ-ഇ.കെ.എം (പി5) 373/03/8.2.2016 | 3 | |
| 2000-01 | എൽ.എഫ്.ഇ.(പി5) 345/04/ 16.8.2005 | 17 | |
| 2001-02 | എൽ.എഫ്.ഇ.(പി5)890/06/ 19.01.2007 | | വരവ് |
| 2001-02 | എൽ.എഫ്.ഇ.(പി5) 752/05/ 22.02.2006 | | ചെലവ് |
| 2002-03 | എൽ.എഫ്.ഇ.(പി5) 2001/08, 10.03.2009 | 10 | |
| 2003-04 | എൽ.എഫ്.ഇ.(പി5) 1067/08/ 17.6.2010 | 10 | |
| 2004-05 | എൽ.എഫ്.ഇ.(പി5) 1062/08/ 4.8.2012 | 19 | |

| | | | |
|---|---|---|---|
| 2005-06 | എൽ.എഫ്.ഇ.(പി5) 470/09/ 24.7.2012 | 4 | |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09/ 5.6.10 | | |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/08/ 5.1.2009 | | |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11/ 13.2.2012 | 10 | |
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11/ 13.2.2012 | 11 | |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11/ 13.2.2012 | 17 | |
| 2011-12 | കെ.എസ്.എ-ഇ.കെ.എം (പി5) 686(1)/18, 8.8.2018 | 4 | |
| 2012-13 | കെ.എസ്.എ-ഇ.കെ.എം (പി5) 686(2)/18, 8.8.2018 | 8 | |
| 2013-14 & 2014-15 | കെ.എസ്.എ-ഇ.കെ.എം(പി5) 686 (3)/2018,8.8.2018 | 3 | |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി5) 1848/2016/7.7.2018 | 4 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി5) 1515/2017/25.7.2018 | 11 | |

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഖണ്ഡിക 1-12ൽ ചൂണ്ടിക്കാണിച്ച അപാകതകൾ ഒഴികെ, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

KSA-EKM(P5)/1955/2018.

Kerala State Audit Department,
District Audit Office, Ernakulam,
0484 2422271,
deoekm.ksad@kerala.gov.in
Date:06.09.2018

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Choornikkara Grama panchayat in Ernakulam district for the year ended on 31.03.2018 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Choornikkara Grama panchayat for the year 2017-18 except the observations in audit paragraph 1-12, properly presents the picture of income and expenditure.

Deputy Director